സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 18-22

പാലൈ
PALAI பாலை
ISSN No: 3049-0316

# അപമാനത്തിന്റെ അരങ്ങുവാഴ്ചകൾ സമകാലസിനിമയിൽ



**ഡോ. ജെസ്സി അലക്സാണ്ടർ**

**സംഗ്രഹം**

മാരി സെൽവരാജ് സംവിധാനം ചെയ്ത് 2018 ൽ പുറത്തിറങ്ങിയ തമിഴ് ചലച്ചിത്രമാണ് പരിയേറും പെരുമാൾ. ഇന്ത്യൻ സാമൂഹ്യസാഹചര്യങ്ങളിൽ കാലങ്ങളായി ആഴത്തിൽ വേരുപിടിച്ച ജാതിവ്യവസ്ഥയും അതിന്റെ ഭാഗമായ ദുരഭിമാന കൊലയും സമകാല സാമൂഹിക സാഹചര്യത്തിൽ നിന്നുകൊണ്ട് സിനിമ പ്രശ്നവത്കരിക്കുന്നു. കേവല കാഴ്ചയ്ക്കും വിനോദത്തിനുമപ്പുറം സിനിമ രാഷ്ട്രീയ പ്രവർത്തനമാകുന്നതിന്റെ സാധ്യതകൾ സിനിമ മുന്നോട്ടുവയ്ക്കുന്നു. സമകാല സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളോടുള്ള കലഹവും വ്യവസ്ഥാപിതമായ സമൂഹബോധ ത്തോടുള്ള പ്രതിഷേധവും സിനിമയിലുണ്ട്. അപമാന സിദ്ധാന്തത്തിന്റെ (humiliation theory) അടിസ്ഥാനത്തിൽ പരിയേറും പെരുമാൾ എന്ന ചലച്ചിത്രത്തെ ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യുന്നു. ജാതിവിരുദ്ധതയുടെ പേരിൽ അപമാനങ്ങൾ ഏറ്റുവാങ്ങാനും അന്തസ് ഹനിക്കപ്പെടാനും വിധിക്കപ്പെടുന്ന കീഴാള ജനതയുടെ ജീവിത സംഘർഷങ്ങളും അതിജീവന ശ്രമങ്ങളും സിനിമ നൽകുന്ന പാഠമാണ്.

**താക്കോൽ വാക്കുകൾ:** അപമാനം - മനുഷ്യാന്തസ് - പ്രത്യയശാസ്ത്രം - പ്രതിരോധം, അതിജീവനം

അപമാനം, അന്തസ്സ് തുടങ്ങിയ സംവർഗ്ഗങ്ങൾ വ്യക്തി അനുഭവങ്ങളിലും സാമൂഹിക സാംസ്കാരിക പരിസ്ഥിതികളിലും പ്രവർത്തിക്കുന്ന രീതിശാസ്ത്രം ഭിന്നമാണ്. മനുഷ്യനും മനുഷ്യാനന്തര ദർശനങ്ങളും സവിശേഷമായി പഠിക്കപ്പെടുന്ന പുതിയൊരു ജ്ഞാനവ്യവസ്ഥയിൽ മനുഷ്യാന്തസിനെയും മനുഷ്യാവകാശങ്ങളെയും കുറിച്ചുള്ള അന്വേഷണങ്ങൾ കൂടുതൽ പ്രസക്തമാണ്. Human dignity and humiliatin studies എന്നത് ഒരു ട്രാൻസ് ഡിസിപ്ലിനറി അക്കാദമിക പഠനമേഖലയായി ഇന്നു വികസിച്ചിട്ടുണ്ട്. സമൂഹബന്ധങ്ങളിൽ, വ്യക്തിബന്ധങ്ങളിൽ പൊതു വ്യവഹാര ഇടങ്ങളിൽ തുല്യത വളർത്തിയെടുക്കുന്നതിലൂടെ രൂപപ്പെടുന്ന അവകാശ അധികാരങ്ങളുടെ പുതിയ ഭാഷാവ്യവസ്ഥ ആത്മാഭിമാനത്തെക്കുറിച്ചുള്ള പുതിയ സങ്കൽപ്പങ്ങളെ പരിപോഷിപ്പിക്കുന്നതാണ്. ആത്മാഭിമാനത്തെ കുറിച്ചുള്ള കാന്റിന്റെ ചിന്തകളും അംഗീകാരത്തെക്കുറിച്ചുള്ള ഹെഗലിന്റെ സങ്കല്പങ്ങളും ഇവിടെ

* അസിസ്റ്റന്റ് പ്രൊഫസ്സർ, മലയാള വിഭാഗം, കാതോലിക്കേറ്റ് കോളേജ് പത്തനംതിട്ട.
ഫോൺ: 8129928919, Email id: jessyperethu@gmail.com

സ്മരണീയമാണ്. നിഷേധാത്മക അവകാശങ്ങൾ ഉൾക്കൊള്ളുന്ന കടമയുടെ ഭാഷ നിരസിക്കുന്നതിൽനിന്ന് വളർന്നുവരുന്ന ദളിതരുടെ അവകാശങ്ങളുടെ ഭാഷ എന്ന സവിശേഷ സങ്കൽപ്പം അവതരിപ്പിച്ചത് ഗോപാൽ ഗുരുവാണ് (2000:123). ഒരു വ്യക്തിക്ക് തന്റെ ആത്മാഭിമാനത്തിനു മുറിവേറ്റതായി കണക്കാക്കാൻ കാരണമായി പ്രവർത്തിക്കുന്ന ഏതെങ്കിലും തരത്തിലുള്ള പെരുമാറ്റമോ അല്ലെങ്കിൽ അവസ്ഥയോ എന്ന് ഹ്യുമിലിയേഷന് വ്യാഖ്യാനമുണ്ട്. Humiliation has been defined as the experience of some form of ridicule, scorn, contempt or other degrading treatment at the hand of others (1991:94). മനുഷ്യാന്തസിന് ഏൽക്കുന്ന ഏതൊരു മുറിവും അപമാന ചിന്തയാണ്. അടിസ്ഥാന പരമായി മാനുഷികത നിരാകരിക്കപ്പെട്ടു എതാണ് ഇതിന്റെ സ്വഭാവം. ജാതി മത വർഗ്ഗ വർണ്ണ ലിംഗ തൊഴിൽ വിദ്യാഭ്യാസ സാമൂഹ്യയിടങ്ങളിൽ എല്ലാം ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ അസമത്വങ്ങളും അപമാനങ്ങളും നിലനിൽക്കുണ്ട്. തുല്യമല്ലാത്ത അവകാശ അധികാര ബന്ധങ്ങൾ നിലനിൽക്കുന്ന എല്ലായിടങ്ങളും അപമാനത്തിന്റെ കേന്ദ്രങ്ങളാണ്.

മനുഷ്യാന്തസ് ഹനിക്കപ്പെടുന്നതിന്റെയും അപമാനിക്കപ്പെടുന്നതിന്റെയും ഭാഗമായ സാമൂഹിക സാഹചര്യങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. നിലനിൽക്കുന്ന സാമൂഹിക വ്യവസ്ഥിതി, പാരമ്പര്യയാഥാസ്ഥിതിക ബോധങ്ങൾ, സ്ഥാപനവൽക്കരിക്കപ്പെട്ട ചിന്തകളും വിശ്വാസങ്ങളും തുടങ്ങിയവയെല്ലാം ഇതിന്റെ പരിധിയിൽ വരുന്നതാണ്. അടിസ്ഥാനപരമായി മാനുഷികത നിരാകരിക്കുകയും മനുഷ്യനായി പരിഗണിക്കാതിരിക്കുകയും ചെയ്യുന്നതാണ് അതിൽ പ്രധാനം. അപമാനം, പരിഹാസം തരംതാഴ്ത്തൽ, കളങ്കപ്പെടുത്തൽ എന്നിവയെല്ലാം മനുഷ്യാന്തസ്സിന്റെ ലംഘനമാണ്. മതപരമോ രാഷ്ട്രീയമോ സമൂഹപരമോ ആയ അധ:പതനവും ഇതിൽ പ്രധാനമാണ്. അവഗണിക്കുന്നതും നിസ്സാരമായി കണക്കാക്കുന്നതും അദൃശ്യരും അസ്പൃശ്യരുമായി കണക്കാക്കുന്നതും ഒരാൾക്ക് അർഹിക്കുന്ന സാമൂഹിക സാഹചര്യങ്ങൾ നിഷേധിക്കുന്നതും ശാരീരികമോ മാനസികമോ ആയ അക്രമാവസ്ഥ തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമാണ്. Humiliation is explained as the emotional response of people to their perception that another person or group has unfairly or unjustly lowered, debased, degraded or brought them down to an inferior position, that they are not receiving the respect and dignity they believe they deserve (2019:7). അപമാനത്തിന്റെയും അസമത്വത്തിന്റെയും തിക്തഫലങ്ങൾ അനുഭവിക്കുന്ന വ്യക്തി പലവിധത്തിലുള്ള മാനസികാവസ്ഥകളിലേക്ക് എത്തുന്നു. നിരന്തരമായ തരം താഴ്ത്തലും കയ്യേറ്റശ്രമങ്ങളും നീതി നിഷേധവും എല്ലാം അപമാനത്തെക്കുറിച്ചുള്ള ഭയത്തിലേക്കും നിസ്സഹായതയിലേക്കും ഒരാളെ എത്തിക്കും. അപമാനിക്കപ്പെടുന്ന അവസ്ഥയോടുള്ള പ്രതികരണവും തികച്ചും ഭിന്നമായിരിക്കും. കോപം, അക്രമവാസന, ഉൽക്കണ്ഠ, വിഷാദം ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടം, നിസ്സംഗത, ഭയം, പ്രതികാരചിന്ത തുടങ്ങി വ്യത്യസ്തമായ മനോനിലകളാണ് ഒരാളിൽ സൃഷ്ടിക്കപ്പെടുക. തുല്യനീതി, സമത്വം, സാഹോദര്യം തുടങ്ങിയ ജനാധിപത്യമൂല്യങ്ങൾ നിലനിൽക്കേണ്ടതും എന്നാൽ, നിർഭാഗ്യവശാൽ ഇല്ലാതാകുന്നതുമായ ഇടങ്ങളിൽ തങ്ങളുടെ സമൂഹസാഹചര്യങ്ങളെയും ജീവിതാവസ്ഥകളെയും സ്വയം വിലയിരുത്താനും സ്വത്വം തിരിച്ചറിയാനും അവർ പ്രേരിതരാകുന്നു. അത്തരം തിരിച്ചറിവുകൾ പ്രതിഷേധവും പ്രതിരോധവും അതിജീവനവും സാധ്യമാക്കുന്ന സാംസ്കാരിക പ്രതിനിധാനങ്ങളായി സമകാല സിനിമകളിൽ നിറയുന്നു. പരിയേറും പെരുമാൾ, എന്ന സിനിമ ഈ ചിന്തകളെയെല്ലാം സാധൂകരിക്കുന്ന ദൃശ്യാത്മക വ്യവഹാരമാണ്.

അസമത്വം, അപമാനം തുടങ്ങിയ സങ്കല്പങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും ദൃശ്യാവിഷ്കാരമാണ് പരിയേറും പെരുമാൾ എന്ന സിനിമ. കാഴ്ചക്കാരുടെ ഉള്ള് പൊള്ളിക്കുന്ന തരത്തിൽ അസമത്വത്തിന്റെയും അപമാനത്തിന്റെയും അതിക്രമങ്ങളുടെയും അരങ്ങുവാഴ്ചയാണ് സിനിമയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇന്ത്യൻ സാമൂഹിക സാഹചര്യത്തിൽ നൂറ്റാണ്ടുകളായി പടർന്നുപന്തലിച്ച ജാതി വ്യവസ്ഥയെയും അതിന്റെ ഭാഗമായി ഒരു വിഭാഗം ജനങ്ങൾ അനുഭവിക്കേണ്ടിവരുന്ന അപമാനങ്ങളും ദുരഭിമാന കൊലകളും മറ്റ് അസമത്വസാഹചര്യങ്ങളും സിനിമ ഫലപ്രദമായി പ്രശ്നവൽകരിക്കുന്നു. പുളിയങ്കുളം എന്ന കാർഷിക ഗ്രാമത്തിൽ നിന്നു തിരുനൽവേലി ലോ കോളേജിൽ നിയമ പഠനത്തിനായി എത്തുന്ന പരിയേറും പെരുമാളിലൂടെയാണ് കഥ വികസിക്കുന്നത്. അനുഭവങ്ങളുടെ ആഴവും വിവേചനത്തിന്റെ അസഹനീയമായ അപമാനവും യഥാതഥമായി ചിത്രീകരി

 ISSN No: 3049-0316 

ക്കുന്നു. ജാതിവിരുദ്ധത സാധാരണവത്ക്കരിക്കപ്പെടുന്ന ഒരു സമൂഹത്തിൽ കീഴാള ജീവിതത്തിന്റെ എല്ലാ വിവേചനകളും ദൈന്യതകളും ഏറ്റുവാങ്ങി ജീവിക്കുന്ന മനുഷ്യരുടെ അനുഭവങ്ങളിലൂടെയാണ് കഥ മുന്നോട്ടുപോകുന്നത്. ദളിതർ നേരിടുന്ന വിവേചനങ്ങൾ ദളിതനല്ലാത്ത ഒരാൾക്ക് മനസ്സിലാക്കാൻ കഴിയില്ലെന്ന പരിയന്റെ സുഹൃത്തിന്റെ (യോഗി ബാബുവിന്റെ കഥാപാത്രം) പരാമർശം ശ്രദ്ധേയമാണ്.

കാലങ്ങളായി ജാതീയമായി അടിച്ചമർത്തപ്പെട്ട മനുഷ്യാന്തസ് ഹനിക്കപ്പെട്ടു കഴിയുന്ന ജനവിഭാഗത്തിന് വേണ്ടി പോരാടാനും നിലനിൽക്കുന്ന വ്യവസ്ഥയെ ചോദ്യം ചെയ്യാനുമാണ് പരിയൻ നിയമം തന്നെ പഠിക്കാൻ തിരഞ്ഞെടുക്കുന്നത്. പഠിച്ച് ഡോ. ബി.ആർ അംബേദ്കറിനെ പോലെ ആകണമെന്ന പ്രഖ്യാപനത്തിൽ ഈ ലക്ഷ്യമുണ്ട്. പഠിക്കുക, പോരാടുക, സംഘടിക്കുക (educate, agitate, organize) എന്ന അംബേദ്കറിന്റെ കാഴ്ചപ്പാടിന്റെ ആവിഷ്കാരമാണ് സിനിമ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം. കോളേജിൽ പഠിക്കാൻ എത്തുമ്പോൾ മുതൽ പരിയൻ ഭയപ്പെടുന്ന പ്രശ്നങ്ങൾ ജാതിയും അച്ഛന്റെ തൊഴിലിനെകുറിച്ചുള്ള ചോദ്യവുമാണ്. കാളവണ്ടിക്കാരനാണ് തന്റെ അച്ഛൻ എന്ന് അവൻ കള്ളം പറയുന്നു. ജീവിക്കാൻ വേണ്ടി പെൺവേഷം കെട്ടിയാടുന്ന തെരുവുനർത്തകനാണ് തന്റെ അച്ഛൻ എന്നു പറയാൻ ആത്മാഭിമാനവും സമൂഹത്തിന്റെ നോട്ടപ്പാടിലുള്ള ഭയവും അവനെ സമ്മതിക്കുന്നില്ല. അച്ഛനെ കൂട്ടിക്കൊണ്ടു വരാൻ പറയുമ്പോഴും വാടകയ്ക്ക് ആളെ ഏർപ്പാട് ചെയ്യുന്ന പരിയൻ ഒടുവിൽ ധീരമായി തന്റെ അച്ഛനെ പരിചയപ്പെടുത്തുന്നതിലൂടെ തന്റെ ഐഡന്റിറ്റി വെളിപ്പെടുത്തുന്നു. ഇവിടെ പരിയൻ തന്റെ അഭിമാനം വീണ്ടെടുക്കുകയും നിലനിൽക്കുന്ന സാമൂഹിക തിന്മയോട് പ്രതികരിക്കുകയും ചെയ്യുന്നു. മേൽജാതിക്കാരിയായ ജ്യോതി മഹാലക്ഷ്മിയാണ് സിനിമയിലെ നായിക. പരിയനെ പഠനത്തിൽ സഹായിക്കുന്ന ജ്യോതി ജാതിമതദേശ ചിന്തകൾക്കതീതമായി അയാളെ സ്നേഹിക്കുകയും പഠിക്കാൻ സഹായിക്കുകയും ചെയ്യുന്നു. അയാളോടുള്ള അവളുടെ അടുപ്പം വീട്ടുകാർ അറിയുന്നതോടെ അവളുടെ വീട്ടുകാരിൽ ജാതി ചിന്ത ഉണരുകയും സിനിമ സംഘർഷാത്മകതലങ്ങളിലേക്ക് കടക്കുകയും ചെയ്യുന്നു. തന്റെ സഹോദരിയുടെ വിവാഹത്തിന് ജ്യോതി ക്ഷണിച്ചിട്ടു വരുന്ന പരിയനെ അവളുടെ അച്ഛൻ മാറ്റി നിർത്തി ചുറ്റുപാടുകൾ ചോദിച്ചു മനസ്സിലാക്കുകയും ദളിത് ജാതിയിൽ പെട്ടവനാണ് എന്നു തിരിച്ചറിയുകയും ചെയ്യുന്നു.

താഴ്ന്ന ജാതിയിൽപ്പെട്ട പരിയനുമായി തന്റെ മകൾ സൗഹൃദത്തിൽ ആകുന്നതുപോലും ഉൾക്കൊള്ളാൻ കഴിയാത്ത അയാൾ അവനോട് അനാദരവ് കാണിക്കുകയും തന്റെ ജാതിക്കാർ അവനെ മാത്രമല്ല തന്റെ മകളെയും കൊല്ലാൻ മടിക്കില്ലെന്നു പറഞ്ഞ് അവനെ ഭയപ്പെടുത്തുകയും ചെയ്യുന്നു. അതേ സമയം തന്നെ ജ്യോതിയുടെ ജാതിയിൽപ്പെട്ട ഒരു കൂട്ടം പുരുഷൻമാരും ബന്ധുക്കളും ബലം പ്രയോഗിച്ച് മുറിയിലേക്ക് കടന്നുവന്ന് അവനെ ക്രൂരമായി മർദ്ദിക്കുകയും അവന്റെ ശരീരത്തിൽ മൂത്രമൊഴിക്കുകയും ചെയ്യുന്നു. ഇത് അപമാനത്തിന്റെയും അന്തസ് കെടുത്തലിന്റെയും അങ്ങേയറ്റമാണ്. ഇവിടെ അപമാനിക്കലും അപമാനം ഏറ്റുവാങ്ങലും ജാതിപരമായ അധീശത്വവിധേയത്വത്തെ ഉറപ്പിക്കുന്നു. ഒരേ സമയം ശാരീരികവും മാനസികവുമായ അക്രമങ്ങളിലൂടെയും അപമാനത്തിലൂടെയും ജാതിവ്യവസ്ഥകൾ ഉറപ്പിക്കപ്പെടുന്നു. പൊതുസമൂഹത്തിൽ ഒരുപറ്റം ആളുകളുടെ മധ്യത്തിൽ തനിക്ക് അനുഭവിക്കേണ്ടി വന്ന ശാരീരിക മാനസിക അപമാനങ്ങളെ മറികടക്കാനും അതിനെ അതിജീവിക്കാനും പരിയൻ നടത്തുന്ന ശ്രമങ്ങൾ പ്രേക്ഷകരിൽ വേദനാജനകമായ അനുഭവങ്ങളാണ് സൃഷ്ടിക്കുന്നത്. തികച്ചും ഭിന്നമായ സാഹചര്യങ്ങളിൽ പ്രണയം സാധ്യമല്ലെന്ന തിരിച്ചറിവ് കടുത്ത വൈകാരിക സംഘർഷങ്ങളിലേക്ക് അവനെ നയിക്കുന്നു. മേൽജാതിക്കാരിയായ പെണ്ണിനെ പ്രണയിച്ചുപോയതിന്റെ പേരിൽ തനിക്കും കുടുംബത്തിനും അനുഭവിക്കേണ്ടിവന്ന കടുത്ത അപമാനങ്ങൾ അവനെ അസ്വസ്ഥനാക്കുന്നു. ഇംഗ്ലീഷ് ഭാഷയിലുള്ള അറിവുകുറവിനെ കുറിച്ച് പരാമർശിച്ചുകൊണ്ട് കോളേജ് പ്രൊഫസർ ക്ലാസ് മുറിയിൽ അപമാനിക്കുന്നതാണ് മറ്റൊരു ദൃശ്യം. ജാതിസംവരണം ഉള്ളതുകൊണ്ട് മാത്രം കോളേജിൽ പ്രവേശിച്ച ഒരാളായി മുഴുവൻ കുട്ടികളുടെയും മുമ്പിൽ നിർത്തി അധ്യാപകൻ പരസ്യമായി പരിയനെ അപമാനിക്കുന്നു. നിയമവും നീതിന്യായങ്ങളും പഠിപ്പിക്കുന്ന ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങൾ എങ്ങനെ അപമാനത്തിന്റെ ഇടങ്ങളായി പ്രവർത്തിക്കുന്നു എതിന്റെ സത്യസന്ധമായ ദൃശ്യാവിഷ്കാരം സിനിമയിലുണ്ട്. ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ വിവേചനത്തിന്റെ ഇടങ്ങളായി പ്രവർത്തിക്കുന്നതിന്റെ തീക്ഷ്ണാനുഭവങ്ങൾ സിനിമ ദൃശ്യവത്ക്കരിക്കുന്നു. ഇങ്ങനെ ക്ലാസ് മുറിയിലും കോളേജിലും പ്രണയത്തിലുമെല്ലാം നിരവധി

ISSN No: 3049-0316


അപമാനങ്ങൾ നേരിടുന്ന പരിയൻ സംഘർഷങ്ങളിലും സമ്മർദ്ദങ്ങളിലും പെട്ട് മറ്റൊരാളായി മാറുന്നു. ദളിത് സൈദ്ധാന്തികനായ ഗോപാൽ ഗുരുവിന്റെ വീക്ഷണത്തിൽ അപമാനം ശാരീരികമോ ബാഹ്യമോ ആയ മുറിവ് അല്ല അത് കൂടുതൽ മാനസികപരിക്കാണ്. മാത്രമല്ല അത് ഹൃദയത്തിൽ സ്ഥിരം മുറിവുണ്ടാക്കുകയും ചെയ്യുന്നു (2000, 124). ക്രമേണ താൻ അനുഭവിക്കുന്ന അതിക്രമങ്ങളോടും അപമാനങ്ങളോടും അയാൾക്ക് പ്രതികരിക്കേണ്ടിവരുന്നു. അതോടെ കോളേജിനുള്ളിൽ അയാൾ അച്ചടക്ക നടപടികൾ നേരിടുന്നു. സാമൂഹികമായി അംഗീകരിക്കപ്പെടുക എന്നത് സമൂഹത്തിന്റെ ഭാഗമായി ജീവിക്കുന്ന മനുഷ്യനെ സംബന്ധിച്ച് അത്യന്താപേക്ഷിതമാണ്. എന്നാൽ ജീവിതപരിസരങ്ങളിൽനിന്നും നീതിന്യായ വ്യവസ്ഥിതിയിൽനിന്നും കലാലയ പരിസരത്തിൽ നിന്നും ക്ലാസ് മുറിയിൽ നിന്നുമൊക്കെ നിരന്തരം അപമാനവും പരിഹാസവും തരംതാഴ്ത്തലും ഏറ്റുവാങ്ങുന്ന പരിയനെ സംബന്ധിച്ച് അക്രമചിന്തയിലേക്കും തുടർന്ന് മനഃപൂർവമായ മൗനത്തിലേക്കും അത് അവനെ എത്തിക്കുന്നു. അന്തസ് ചോദ്യം ചെയ്യുകയും മാറ്റിനിർത്തുകയും ചെയ്യുന്ന സാഹചര്യങ്ങൾ മറികടക്കാനും അതിനെ അതിജീവിക്കാനും സ്വയം പാകപ്പെടുന്നിടത്താണ് സിനിമ അതിന്റെ പ്രത്യയശാസ്ത്രബോധം രൂപപ്പെടുത്തുന്നത്.

ജാതി മുൻവിധികളുടെ ഇരയാകേണ്ടിവരുന്ന പരിയന്റെ നിസ്സഹായത മനസ്സിലാക്കുന്ന കോളേജ് പ്രിൻസിപ്പൽ ജാതിപ്രശ്നങ്ങളുടെ പേരിൽ താനനുഭവിച്ച യാതനകളെക്കുറിച്ചും അതിനോട് പടപൊരുതി ബഹുമാനപദവിയിലേക്ക് എത്തിപ്പെട്ടതിനെ പറ്റിയും പറഞ്ഞ് അവനെ ആശ്വസിപ്പിക്കുന്നു. നിനക്ക് ശരിയെന്നു തോന്നുന്നത് ചെയ്യാൻ പ്രിൻസിപ്പൽ അവനെ ഉപദേശിക്കുകയും ചെയ്യുന്നു. അച്ഛനെ കൂട്ടി ക്കൊണ്ടുവരാൻ ആദ്യം പറയുമ്പോൾ മറ്റൊരാളെ കൂട്ടിക്കൊണ്ടുവരുന്നുവെങ്കിലും പിന്നീട് തന്റെ ഐഡന്റിറ്റി വെളിപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ പെൺവേഷം കെട്ടുന്ന, തെരുവ് നർത്തകനായ അച്ഛനെ കൂട്ടിക്കൊണ്ടുവരുന്നു. എന്നാൽ അവന്റെ സഹപാഠികൾ അയാളെ മർദ്ദിക്കുകയും വസ്ത്രമുരിയുകയും ചെയ്ത് അപമാനിക്കുന്നു. ഇത് സിനിമയിലെ ഏറ്റവും സങ്കടരമായ ഒരു കാഴ്ച കൂടിയാണ്. താൻ നേരിടേണ്ടി വന്ന അപമാന സാഹചര്യങ്ങൾക്കിടയിൽ തികഞ്ഞ സംയമനം പാലിച്ചും ജാതിബോധത്തോട് കൃത്യമായ അകലം പാലിച്ചും മുന്നോട്ടുപോകുന്ന പരിയൻ തന്റെ മാറ്റത്തിനുള്ള ഐക്കണായി കാണുന്നത് അംബേദ്കറെയാണ്. അംബേദ്കറെ പോലെ ആകാനുള്ള സ്വപ്നയാത്രയ്ക്കിടയിൽ തനിക്ക് നേരിടേണ്ടി വന്ന അപമാനങ്ങളെ സമചിത്തതയോടെ പരിയൻ നേരിടുന്നിടത്തു ഒരു ആന്തരിക പ്രതിഷേധം വ്യക്തമാകുന്നുണ്ട്. എൽ ജ്യോതിയുടെ ബന്ധുക്കൾ അവനെ കൊല്ലാൻ മേസ്തിരിയെ പറഞ്ഞേൽപ്പിക്കുന്നതോടെ കഥ വീണ്ടും സംഘർഷാത്മകമായ അവസ്ഥയിലേക്ക് വഴിമാറുന്നു. പ്രണയബന്ധത്തിൽ ആകുന്ന യുവതീയുവാക്കളെ വംശമഹിമയ്ക്കുവേണ്ടി എന്ന കാരണത്താൽ കൊലപ്പെടുത്തുന്ന ആളാണ് മേസ്തിരി. അയാൾ അവനെ തന്ത്രപൂർവം കൊല്ലാൻ ശ്രമിക്കുന്നുണ്ടെങ്കിലും കറുപ്പിയുടെ അദൃശ്യസാന്നിധ്യം അവനെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരുന്നു.

ജാതിവെറി നിറഞ്ഞ തന്റെ സമൂഹം പരിയനെ വേട്ടയാടുകയാണെന്ന് തിരിച്ചറിയുന്ന ജ്യോതിയുടെ അച്ഛൻ അവനെ കാണാൻ എത്തുകയും ആശ്വസിപ്പിക്കുകയും ചെയ്യു. 'തമ്പി, നാളെ ഇതെല്ലാം മാറുമായിരിക്കും' എന്നു പറയുന്ന അദ്ദേഹത്തോട് പരിയൻ പറയുന്ന മറുപടി നിലനിൽക്കുന്ന സമൂഹസാഹചര്യങ്ങളുടെ നേരെയുള്ള പ്രതിഷേധം കൂടിയാണ്. 'നീങ്കെ നീങ്കളാ ഇരിക്കിരെ വരേയ്ക്കും ഞാൻ നായതാ ഇരിക്കനോം. എതിർപാർക്കെ വരേയ്ക്കും ഇങ്കെ ഏതുവുമെ മാറലെ, അപ്പടിയതാ ഇരുക്കും'.

നിയമത്തിനു മുന്നിൽ എല്ലാവരും തുല്യരാണെ് പഠിപ്പിക്കുന്ന ക്ലാസ് മുറിയും കോളേജും നിരന്തരം അക്രമങ്ങളും അപമാനങ്ങളും കൊണ്ട് അവനെ മറ്റൊരാളാക്കി മാറ്റുന്നു. സമൂഹത്തിൽ നിന്ന് അവനു നേരിടേണ്ടി വരുന്നതും സമാനമായ അനുഭവങ്ങളാണ്. വരേണ്യജാതിയുടെ അധികാരവും ധാർഷ്ട്യവും കീഴാളന്റെ ശരീരത്തെയും മനസ്സിനെയും കളങ്കപ്പെടുത്തിടത്തു സിനിമ എത്തുന്നു. എന്നാൽ തന്റെ ഐഡന്റിറ്റിപൊതുസമൂഹത്തിനുമുന്നിൽതുറന്നുകാട്ടാൻധൈര്യപ്പെടുന്നപരിയൻഅഭിമാനബോധത്തോടെ പ്രതിരോധിക്കാനും ജാതിവെറിക്കു നേരെ കാർക്കിച്ചു തുപ്പാനും പ്രാപ്തി നേടുന്നിടത്താണ് സിനിമയിലെ രാഷ്ട്രീയം പ്രവർത്തിക്കുന്നത്.

ജാതിവിരുദ്ധതയെയും അപമാന അസമത്വങ്ങളെയും ഫലപ്രദമായി ചിത്രീകരിക്കാൻ പ്രതീകാത്മക ദൃശ്യങ്ങൾ സിനിമയിൽ ധാരാളം ഉപയോഗിക്കുന്നുണ്ട്. സിനിമയിൽ മെറ്റഫറുകളുടെ സാന്നിദ്ധ്യം

 ISSN No: 3049-0316


സവിശേഷപഠനം അർഹിക്കുന്നുണ്ട്. കറുപ്പി കൊല്ലപ്പെടുന്നിടത്താണ് സിനിമ തുടങ്ങുന്നതെങ്കിലും സിനിമയിൽ ഉടനീളം കറുപ്പി ഒരു നിരന്തര സാന്നിധ്യമായി (അദൃശ്യസാന്നിധ്യം) നിലനിൽക്കുന്നു. കറുപ്പ് ഒരു നിറം എന്നതിനേക്കാൾ ആശയത്തെ സൂചിപ്പിക്കുന്ന ഒരു പ്രതിനിധാനമായി സിനിമയിലുടനീളം പ്രവർത്തിക്കുന്നു. പ്രതിഷേധത്തിന്റെയും തിരിച്ചറിവിന്റെയും വിപ്ലവ ബോധത്തിന്റെയും നീല കലർന്ന കറുപ്പ് നിറം സിനിമയിലുണ്ട്.

ദുരഭിമാന കൊലയ്ക്ക് ചുക്കാൻ പിടിക്കുന്ന മേസ്തിരി എന്ന വൃദ്ധന്റെ ചിത്രവും സമകാല സമൂഹ സാഹചര്യങ്ങളുടെ പ്രതിരൂപമാണ്. പരിയനെ കൊല്ലാനുള്ള നിയോഗം തന്നിൽ വന്നുചേരുമ്പോൾ അതിന് ശ്രമിക്കുന്നുണ്ടെങ്കിലും ഒടുവിൽ അതിനു കഴിയാതെ സ്വയംഹത്യയിൽ അയാൾ അഭയം തേടുകയാണ് ചെയ്യുന്നത്. സിനിമയിൽ 'നാൻ യാർ' എന്നു തുടങ്ങുന്ന ഗാനത്തിൽ കാണിക്കുന്ന ചിത്രങ്ങളുടെ യാഥാർത്ഥ്യം മറ്റൊരു പ്രതിനിധാനമാണ്. പാട്ടിലുടനീളം ക്വിക് കട്ട് ഷോട്ടിലൂടെ സമൂഹത്തിൽ സംഭവിച്ച പലവിധ ജാതിവിരുദ്ധതകളുടെയും ദുരഭിമാനകൊലകളുടെയും ചിത്രം മിന്നി മറയുന്നു. ഒടുവിൽ പരിയനും ജ്യോതിയും അച്ഛനും കുടിക്കാണുന്ന അവസാന ഭാഗവും പ്രതിരൂപാത്മക ദൃശ്യങ്ങളിലൂടെ നിലവിലെ ജാതി രാഷ്ട്രീയം അവതരിപ്പിക്കുന്നുണ്ട്.

അസമത്വത്തിന്റെ ചായഗ്ലാസുകളിൽ സിനിമ അവസാനിക്കുന്ന ദൃശ്യവും ജാതി രാഷ്ട്രീയത്തിന്റെ പ്രതിരൂപാത്മക ചിത്രമാണ്. പരിയേറും പെരുമാൾ എന്നാൽ കുതിരപ്പുറമേറിയ ദൈവം എന്നു വ്യാഖ്യാനം. പേരിൽ തുടങ്ങി അംബേദ്കർ ചിത്രങ്ങളിലൂടെ, സാമൂഹിക യാഥാർഥ്യങ്ങളുടെ പ്രതീകാത്മക ചിത്രീകരണത്തിലൂടെ, കറുപ്പ് മുന്നോട്ടു വയ്ക്കുന്ന ആശയതലങ്ങളിലൂടെ സിനിമ ഒരു രാഷ്ട്രീയ പ്രഖ്യാപന മായി (political statement) വികസിക്കുന്നു. സമകാലിക സാമൂഹിക രാഷ്ട്രീയ വ്യവസ്ഥകളോടുള്ള കലഹവും പ്രതിരോധവും ഫലപ്രദമായി ദൃശ്യാത്മകമാകുന്നിടത്ത് സിനിമ ഒരു രാഷ്ട്രീയ പ്രവർത്തനം കൂടിയാണെന്ന ചിന്ത ഉറപ്പിക്കപ്പെടുന്നു.

## ഗ്രന്ഥസൂചി

1. Frances & Merrando, Philosophical Post Humanism, New York- Bloomsloury Academic, 2019
2. Gopal Guru,, Humiliation : Claims and Context, Oxford University Press, New Delhi, 2000
3. Marit F Svindseth and Paul Crawford, Humiliation Mental Health and PublicShame, Emerald Publishing, United Kingdom, 2019
4. Rawls John, Theory of Justice, London: Oxford University Press, 1972